**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3485** **08-10-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്ഥിരപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 293 പേരെ സ്ഥിരപ്പെടുത്താൻ തീരുമാനം എടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 293 പേരെ സ്ഥിരപ്പെടുത്താൻ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | ഈ നടപടി ഹൈക്കോടതി താത്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ടി വിഷയത്തിൽ ബഹു. ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | കുടിശികയായ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി നൽകിയതിനുശേഷം മാത്രം സ്ഥിരപ്പെടുത്തൽ നടപടി മതിയെന്ന് ഹൈക്കോടതി നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി വ്യക്തമാക്കുമോ? | (സി) | ദിവസവേതനാടിസ്ഥാനത്തിൽ കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡിൽ 10 വർഷത്തിലധികം ആകെ സർവീസുള്ള (BROKEN SERVICE) ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.ജോർജ് പ്ലാത്തോട്ടം ബഹു:ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(PIL)114& 115/2025, ഹർജിയിന്മേലുള്ള 18/09/2025 ലെ വിധിന്യായത്തിൽ, ബോർഡിൽ നിന്നും നൽകിവരുന്ന പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത പൊതു താല്പര്യ ഹർജിയിലെ ഉത്തരവ് പരിഗണിച്ച്, ടി വിഷയത്തിലുള്ള വിശദ വിവരങ്ങൾ (ഇൻസ്ട്രക്ഷൻസ്) ബോർഡ് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ബഹു:ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ